# TECH-SAVVY

TECH-SAVVY



The Digital Magazine of
GHSS Ramanthali2018-19

# എഡിറ്റോറിയൽ



## ശ്രീമതി. സരസ്വതി ടി

(ഹെഡ്മിസ്ട്രസ്)

നൂതന ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് രാമന്തളി ഗവ. ഹൈസ്കൂളിലെ ഐ ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ടെക് -സേവി എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്കതിയായ സന്തോഷമുണ്ട്. കുട്ടികളുടെ എളിയ പ്രവർത്തനങ്ങൾക്ക് എല്ലാ സഹകരണവും പിൻതുണയും നൽകിയവർക്ക് കൃതഞ്ജത അറിയിച്ചുകൊണ്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു...................



## ഉള്ളടക്കം


മഴ അവളോടു പറഞ്ഞത്....................................................................4

ചെറുകഥ....................................................................................4

കുട്ടികളുടെ ചിത്രങ്ങൾ........................................................................6

ചിത്രങ്ങൾ....................................................................................6

മനോഹരമായ കാഴ്ചകൾ......................................................................7

കവിത........................................................................................7

കുട്ടികളുടെ കരവിരുത്.........................................................................8

ആർട് ഗ്യാലറി.................................................................................8

കാഴ്ചയിലെ വിസ്മയം.........................................................................9

കവിത........................................................................................9



# മഴ അവളോടു പറഞ്ഞത്

ചെറുകഥ

ആർദ്ര 9 A

ഇടിമുഴക്കം അലറിവിളിക്കുന്നതൊന്നും അമ്മുവിന് വിഷയമായിരുന്നില്ല.ഈയിടെ പണികഴിഞ്ഞ ഇരുനില വീടിനുള്ളിൽ അമ്മുവിന്റെയും അമ്മയുടെയും തനിക്ക് ഇതുവരെ പരിചിതമായ മഴയെപ്പോലെ വരുന്ന അമ്മൂമ്മയുടെ ശ്വാസനിശ്വാസങ്ങൾ ഘനീഭവിച്ച ആ



വീട്ടിൽ ഒരു മൂലയിൽ അലങ്കാരത്തോടെ ഇരിക്കുന്ന മേശയും ലാൻഫോണും. വൈകിയെത്തുന്ന സർക്കാർ ആശുപത്രിയിലെ ഡോക്ടറായ അമ്മയുടെയും ഒരു ബന്ധിയെപ്പോലെ

നിലനിന്നിരുന്ന ലാൻഫോണിനെ അമ്മു ആദ്യമായി വെറുത്തു.ഹൊ,ഈ അമ്മയ്ക്കെന്താ ഫോണെടുത്താൽ അവൾ ആലോചിച്ചു.കഴിഞ്ഞ ദിവസമാണ് അമ്മ സൗജന്യചികിത്സയുടെ പേരിൽ പാലക്കാട്ടേക്ക് തിരിച്ചത്.അമ്മയും മറ്റു രണ്ടു മൂന്നു ഡോക്ടർമാരും ഉണ്ടായിരുന്നു.പാലക്കാട്ടെ ആദിവാസി ഗ്രാമങ്ങളിലെ നിർധനരോഗികളെ ചികിത്സിക്കാൻ പോയതിനുശേഷം അമ്മ രണ്ടു തവണ വിളിച്ചിരുന്നു.ട്രെയിനിലിരുന്ന് ഒരു തവണ വീഡിയോ കോളും ചെയ്തിരുന്നു. പിന്നീട് ഒന്നും അറിയില്ല. ഓരോ ദിനങ്ങളിലെയും ദിനപ്പത്രങ്ങൾ മാത്രം അവളോട് പാലക്കാടിന്റേയും മറ്റു ജില്ലകളിലേയും ഭീതിദവിശേഷങ്ങളും പങ്കുവച്ചുപോവുന്ന അവസ്ഥ എത്തിയിട്ട് ഇന്ന് മൂന്നു നാൾ.ആ വീട്ടിൽ അമ്മുവും അമ്മൂമ്മയും ഗൃഹപ്രവേശനത്തിനു മാത്രം വന്ന രണ്ട് ബന്ധുക്കളും വന്നിട്ടുണ്ട്.മൂന്നു ദിവസമായി അമ്മ അവളെ വിളിച്ചിട്ടില്ല.


പ്രളയത്തിന്റെ ആദ്യ ഘട്ടത്തിൽ ശരീരവും മനസും ഒലിച്ചുപോയ പാലക്കാടൻ ഉൾക്കാടിന്റേയും ഭിന്നമുഖങ്ങൾക്ക് കരുത്തേകാൻ അവിടെ നിന്നും പൊയ്പ്പോയ ഒരു സംസ്കാരത്തനേയും വീണ്ടും വീണ്ടും ചോദ്യം ചെയ്ത ആ മഴയെ ആദിവാസികൾ വാഴ്ത്തുകയോ താഴ്ത്തുകയോ ചെയ്യാതെ ഒന്നും മനസിലാവാത്ത രീതിയിൽ മഴയെ നോക്കികാണുമ്പോഴും അവരുടെ തണുത്തുറഞ്ഞ മനസിനെ ചൂടുപിടിപ്പിക്കാനും ശരീരത്തിലേറ്റ മുറിവുകളെ ഉണക്കാനും പോയ തന്റെ അമ്മയെ മഴ ചതിക്കുമോ എന്ന വിചാരം അമ്മുവിനെ വീണ്ടും വീണ്ടും ഭക്ഷണത്തിൽ നിന്നും ഉറക്കത്തിൽ നിന്നും സ്വപ്നത്തിൽ നിന്നും അവളെ പിന്തിരിപ്പിച്ചു.അഞ്ചാം ദിവസം പ്രളയമായി ഉരുത്തിരുഞ്ഞു വന്ന മഴ പോലെയായി അമ്മുവും പേമാരി പോലെ പൊട്ടിക്കരഞ്ഞും ഇടിമുഴക്കം പോലെ നിലവിളിച്ചും മിന്നുപോലെ ചീറിപ്പാഞ്ഞും അവളുടെ മനസും ശരീരവും അമ്മയെ മാത്രം മനസിൽ ധ്യാനിച്ച് ഓർത്ത് ഓർത്ത് കഴിഞ്ഞു.രക്ഷാപ്രവർത്തനം തുടങ്ങി എന്ന് പറഞ്ഞപ്പോഴും അമ്മു ഇത്തിരിപോലും

സന്തോഷിച്ചില്ല താൻ താമസിക്കുന്ന കണ്ണൂരിലെ ഒരു മലനാടൻ ഗ്രാമം,അവിടെ എന്നു മുതലാണ് ദുരിതാശ്വാസ ക്യാമ്പുകളും തുറന്നതെന്നോ രക്ഷാപ്രവർത്തനം തുടങ്ങിയതെന്നോ എന്തിന്? രാത്രിയെന്നോ പകൽ എന്നോ അമ്മു അറിഞ്ഞതേയില്ല.അമ്മു ഓർത്തു പണ്ട് മുത്തശ്ശിക്കഥകളിൽ മാത്രം നിറഞ്ഞുനിന്നിരുന്ന വില്ലനായ മഴയെ അവൾ പലപ്പോഴും തന്റെ ജീവിതത്തിലും കാണണം ഓർത്തിരുന്നു,പ്രാർഥിച്ചിരുന്നു.ഉള്ളിൽ കൗതുകമുണർത്തിയ മഴയെ മഴയുടെ പലവശങ്ങളെ കാണാൻ അമ്മു കൊതിച്ചിരുന്നു.അവളുടെ മൂന്നാഴ്ച്ച മുന്നെയുള്ള ഓർമയിൽ കാസർകോട്ടെ ഒരു ഗ്രാമീണ ഓർമയിലെ മഴ മാത്രമുണ്ട്. ചിലപ്പോൾ ഒരു കാറ്റ് വന്ന് ചില്ലകളോ ചിതൽ തിന്ന കൊമ്പേ കിളി ഉപേക്ഷിച്ച കൂടോ പൊട്ടിവീഴുന്നതോ അല്ലാതെ അമ്മുവിന് അറിയില്ല.അമ്മയുടെ ഓർമയിൽ മുഴുകിയ അമ്മുവിനെ ഞെട്ടിച്ച ഒരു വാർത്ത വന്നു. അവളുടെ പ്രിയപ്പെട്ട കൂട്ടുകാരിയായ ചിന്നുവിനെയും കുടുംബത്തിനേയും മഴ കവർന്നു കഴിഞ്ഞു കുന്നിൻചരിവിലാണ് ആ വീട്.അവൾക്ക് കരയാൻ പറ്റുന്നുണ്ടായിരുന്നില്ല.വൈകീട്ട് വീട്ടിൽ ഒരുപറ്റം പോലീസ് വന്നു,ഇവിടെ നിന്നും ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറണം എന്ന് പറയാനായിരുന്നു വന്നത്.ഏത് സമയവും ഉരുൾപൊട്ടലോ മണ്ണിടിച്ചലോ ഉണ്ടായിരിക്കാം.അമ്മൂമ്മ കേട്ടപാതി അത്യാവശ്യം തുണികൾ കെട്ടിപ്പെറുക്കി വന്നു പക്ഷേ അമ്മു തീർത്തും പറഞ്ഞു ഞാൻ വരില്ലെന്ന്.

# കുട്ടികളുടെ ചിത്രങ്ങൾ

ചിത്രങ്ങൾ

**പ്രളയം**






# മനോഹരമായ കാഴ്ചകൾ

കവിത

നന്ദന ടി വി 9A

മിന്നുന്ന സ്വപ്നങ്ങൾ പോലെ
നിറമുള്ള സ്വപ്നങ്ങൾ പോലെ
പൂന്തോട്ടത്തിൽ ചുടികലർന്ന നിറങ്ങൾ
ആകാശത്തിൽ മിന്നുന്ന
നക്ഷത്രങ്ങൾ



കുന്നുകൾ,വയലുകൾ,പൂമ്പാറ്റകൾ
സുന്ദരമായ കാഴ്ചകൾ

സുന്ദരമയിലിമകൾ നൃത്തമാടുന്നു.
ഈണത്തിൽ പാടുവാൻ കുയിലുകളും
ദൈവത്തിൻ വരദാനം
പോലെ വളരുന്ന കാഴ്ചകൾ
മാനത്ത് വിരിയുന്ന
മഴവില്ലുകൾ

ദൈവം വിരിക്കുന്നതാണോ?
മായാജാലം പോലെ വിരിയുന്ന ചില കാഴ്ചകൾ
ളുവെള്ള നിറമുള്ള തുമ്പകൾ
കടുമഞ്ഞ നിറത്തിൽ കോളാമ്പികൾ
ദൈവത്തിനോട് നന്ദിപറയാൻ കൊതിക്കുന്ന കാഴ്ചകൾ പലതും
അമ്പിളിമാമന്റെ കുട്ടികൾ പോലെ

കുഞ്ഞു കുഞ്ഞു നക്ഷത്രങ്ങൾ.
കാലത്തിൻ മാറ്റങ്ങൾ തിരിച്ചറിയുന്നത്

കാഴ്ചകളിലൂടെയാണ്.
പാറിനടക്കുന്ന പൂമ്പാറ്റകൾ
ഇഴഞ്ഞു പോകുന്ന പാമ്പുകൾ
ഭയാനകവും സുന്ദരവുമായ ചില


അപൂർവ്വ കാഴ്ചകളാണ്.
ജീവിതത്തിന്റെ പ്രതിഛായകൾ

ഇത്തരം കാഴ്ചകൾ ആണ്.
ഇനിയും ഒരുപാട് കാഴ്ചകൾ കാണാൻ

ദൈവത്തോട് അപേക്ഷിക്കുന്നു.

# കുട്ടികളുടെ കരവിരുത്

ആർട് ഗ്യാലറി



ത്രെഡ് പാറ്റേൺ

വെജിറ്റബിൾ പ്രിന്റിങ്







ഗ്ലാസ്സ് പെയിന്റിങ്

# കാഴ്ചയിലെ വിസ്മയം

കവിത



ഹൃദ്യമാമെന്നുടെ  ധരണിയൊ സുന്ദരം

ധരണിതന്നുള്ളിലെ കാഴ്ചയും സുന്ദരം

കാലങ്ങൾ മാറ്റുന്ന വർണ്ണമൊ സുന്ദരം

സുന്ദരം...സുന്ദരം...എൻ ധരണിയിലെ

എല്ലാമിന്ന് അതി സുന്ദരം.......

കാഴ്ചയിലൽഭുതം കാട്ടുന്ന -

എന്നുടെ ഇന്ദ്രധനസ്സിന്റെ -

അഗ്രമേഘങ്ങളോഅതിസുന്ദരം

രാപ്പകൽ കോർത്തിണക്കും

വസന്തകാല പുഷകന്യയാം

പൂവിന്റെ ദള മർമ്മരം ഇന്ന് -

എന്നിൽ ശബ്ദഘോഷമായി....

സായാഹ്നനേരത്തോ അമ്പിളി -

നിലാവും കോരി ആഗ്രമിപ്പൂ....

കൂട്ടത്തിലായിരം താരകം പൂത്തു...

ചിലകാലം എൻ ഹൃദയത്തിൻ -

താഴ്വരയിൽ മഞ്ഞ് പൊഴിക്കാൻ -

തുലാവർഷപേമാരിയൊ വന്നടുത്തു...

ഹരിതവർണ്ണം കാട്ടിത്തരുന്ന

വയലേലകൾ കാറ്റിലുലഞ്ഞാടുകയും...

ഇളം കാറ്റ് വീശുന്നു...ഭാവിതൻ

മാലാഖമാരുടെ കാർക്കുന്തലോ പാറിപ്പറക്കുന്നു

എൻ ശ്രുവണനാഡിയിൽ കേൾക്കുന്ന

ചീവീടിൻ രോദനമൊ ചിലനേരം -

എന്നിൽ ശല്യധ്വയായ്

വാഴത്തീടുന്നു......

കാഴ്ചകൾ പലതുണ്ട്

എൻ ധരണിയിലെല്ലാമെ....

ഒക്കെയെൻ ഹൃദയത്തിൽ

താളവും രാഗവും കൂട്ടിത്തന്നു...

ജനിച്ചതുമുതലെൻ നയനങ്ങൾ

കണ്ടന്ന സുന്തരവർണ്ണവും -

കാഴ്ചയും അതിസുന്തരം.

ദർശന സൗഭാഗ്യം കിട്ടുന്ന

എന്നുടെ മിഴിയിൽ കാണുന്ന

കാഴ്ചകൾ എന്നും എന്നിൽ

വിസ്മയപൂമഴയായ്........

# Thank Youuu......

